"ഭരണഭാഷ – മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

**നം. ഡിബി 3/753/2012/സിഇ/തസ്വഭവ** **തീയതി: 30-09-2019**

# പരിപത്രം

വിഷയം - 2019-20 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ പുരോഗതി - സംബന്ധിച്ചു
സൂചന - 25-09-2019- ന് കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശം

തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതികളുടെ പുരോഗതി വളരെ പിന്നിലാണ്, ആയതിനുകാരണം ത.സ്വ.ഭ.വ സ്ഥാപനങ്ങളിലെ പദ്ധതികളിൽ സിംഹഭാഗവും നടപ്പിലാക്കുന്ന എഞ്ചിനീയറിംഗ് വിഭാഗത്തിലെ പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിലും, ടെണ്ടർ ചെയ്തു കരാറിൽ ഏർപ്പെട്ട് പ്രവൃത്തി നടപ്പിലാക്കുന്നതിലും വളരെ അധികം കാലതാമസം നേരിടുന്നതിനാലാണെന്ന് കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം നിരീക്ഷിച്ചു. ത.സ്വ.ഭ.വ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പദ്ധതികളുടെ പുരോഗതി കുറവായത് യോഗത്തിന്റെ കടുത്ത വിമർശനത്തിന് ഇടയാക്കി.

ഈ സാമ്പത്തിക വർഷത്തെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട് . ആയതിനാൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നേടി, ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു, നടപ്പിലാക്കുന്നതിനുള്ള നടപടികൾ അതിവേഗം എല്ലാജീവനക്കാരും കൈക്കൊള്ളേണ്ടതാണ് . എല്ലാ പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് ഒക്ടോബർ മാസം അവസാനം വരെയാണ്

സർക്കാരിൽ നിന്നും സമയം അനുവദിച്ചിട്ടുള്ളത്. റിവിഷൻ പദ്ധതികൾക്ക് സാങ്കേതികാനുമതി നേടിയിട്ടും വെറ്റിങ് നടപടികൾ പൂർത്തീകരിക്കുന്നതിൽ അകാരണമായ കാലതാമസം നേരിടുന്നതായി യോഗത്തിൽ ചൂണ്ടി ക്കാണിക്കപ്പെട്ടു. ആയതുപോലുള്ള വീഴ്ചകൾ കർശനമായി ഒഴിവാക്കണം. ഗ്രാമ പഞ്ചായത്തുകളിലെ പദ്ധതികളുടെ പുരോഗതി കൃത്യമായും, ചില ബ്ലോക്ക് പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർ പരിശോധിച്ചു ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നില്ല, എന്ന പരാതി യോഗത്തിൽ രേഖപെടുത്തി. ടി വീഴ്ച ഒഴിവാക്കുന്നതിന് AEE-മാർ കർശനമായി ശ്രദ്ധിക്കണം. പദ്ധതികളുടെ പുരോഗതിയെ സംബന്ധിക്കുന്ന വിവരങ്ങൾ കൃത്യമായും **പി-1051** എന്ന പ്രഫോർമയിൽ രേഖപ്പെടുത്തണം. ഡിവിഷന് കീഴിൽ വരുന്ന സബ്-ഡിവിഷനിലെയും, സെക്ഷനിലെയും പദ്ധതികളുടെ പുരോഗതി **പി-1051**-നെ അടിസ്ഥാനമാക്കി അതാത് ഡിവിഷൻ അവലോകനം നടത്തണം. പരമാവധി പാർട്ട്-ബില്ലുകൾ അനുവദിച്ചു പദ്ധതികളുടെ സാമ്പത്തിക വിനിയോഗം മെച്ചപ്പെടുത്തണം.

ബഹു. വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എല്ലാ ത.സ്വ.ഭ.വ എഞ്ചിനീയറിംഗ് വിഭാഗം മേധാവികളെയും, നിർവഹണഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി പദ്ധതി അവലോകന യോഗം നടത്തുന്നതിനുള്ള താല്പര്യം ബഹു. മന്ത്രി അറിയിച്ചിരിക്കുകയാണ്. ബഹു. മന്ത്രിയുടെ സൗകര്യാർത്ഥം ടി യോഗതീയതി നിശയിച്ചു ഉടനെ അറിയിക്കുന്നതാണ്. ടി അവലോകന യോഗത്തിൽ പിന്നാക്കം നിൽക്കുന്ന എല്ലാ കാര്യാലയങ്ങളിൽ നിന്നും വിശദീകരണം തേടുന്നതാണ്.

**ചീഫ് എഞ്ചിനീയർ**